Dr. A. R. Menon *(Minister for Rural Development)*: Surely.

ANAPUZHA WELL—DEFECTS IN CONSTRUCTION OF

335. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെപറയുന്ന ചോദ്യത്തിനു് ഗവൺമെണ്ടിൽനിന്നും ദയവായി ഉത്തരം പറയുമോ.—

(എ) ഫ ഫ ഫ ര-ൽ പഞ്ചായത്തു് ഡിപ്പാർട്ടുമെണ്ടിൽനിന്നും ആ നാപ്പുഴ കുത്തിച്ചിട്ടുള്ള കിണറിനെപ്പറ്റി ആ നാട്ടുകാരുടെ ആക്ഷേപമുണ്ടായിരുന്നില്ലേ;

(ബി) ആ കിണർ ചെക്കുമെഷർ ചെയ്തതു് ആരാണു്;

(സി) കിണറിന്റെ അടിഭാഗത്തുള്ള കല്ലുകൾ ഉള്ളിലേക്കു ഇടിഞ്ഞിരിക്കുന്നതായി വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ;

(ഡി) ആ കിണർ ആരാണു് കൺട്രാക്ടു് എടുത്തിരുന്നതു്?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഉവ്വു്.

(ബി) മി. ജി. രങ്കസ്വാമിച്ചെട്ടിയാർ, തെക്കെ ഡിവിഷ്യൻ പഞ്ചായത്തു് ഓവർസിയർ.

(സി) ഉവ്വു്.

(ഡി) ലോകമലേശ്വരം വില്ലേജിൽ നാരായണയ്യർ വിനായകയ്യർ.

മിസ്റ്റർ സി. കെ. എസ്സ്. മണി: ബഹുമാനപ്പെട്ട മന്ത്രി ഈ കിണർ നേരിട്ടു നോക്കുകയുണ്ടായിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഇപ്പോഴും ഈ കിണറ്റിൽ വെള്ളമില്ലെന്നു മന്ത്രിക്കറിയാമോ?

ഡോക്ടർ എ. ആർ. മേനോൻ: ഇപ്പോഴും ഉണ്ടോ എന്നു് പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഈ കിണർ ഇപ്പോഴും ഇടിഞ്ഞുപൊളിഞ്ഞു കിടക്കുകയാണെന്നു ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ സി. കെ. എസ്സ്. മണി: വേറെ ഒരു കിണർ അവിടെ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ: അവിടെ ഒരു കിണർ ആവശ്യമാണെന്നു് എനിക്കറിയാം. അതുകൊണ്ടു് ഉള്ള കിണർ നന്നാക്കുകയോ അല്ലെങ്കിൽ പുതുതായി ഒരു കിണർ ഉണ്ടാക്കുകയോ ചെയ്യാം.

മിസ്റ്റർ വി. കെ കുട്ടി: ഇതിന്റെ കരാറുകാരൻ ലോകമലേശ്വരം വില്ലേജിൽ നാരായണയ്യർ വിനായകയ്യർ ആണെന്നു പറഞ്ഞിട്ടുണ്ടു്. മിസ്റ്റർ പി. ആർ. കരുണാകരൻ എന്നാൾക്കു വേണ്ടിയാണു് ഇദ്ദേഹം ഏറ്റിരുന്നതെന്നു ഗവൺമെണ്ടിനു് അറിയാമോ?

ഡോക്ടർ എ. ആർ. മേനോൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ വി. കെ. കുട്ടി: അതിനെപ്പറ്റി അന്വേഷിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: അന്വേഷിക്കാം.

മിസ്റ്റർ വി. കെ. കുട്ടി: കരുണാകരൻ എന്നയാൾ പല പഞ്ചായത്തിനും ഉപദ്രവങ്ങൾ ചെയ്തിട്ടുള്ള ഒരാളാണ്. അതു മൂലം ഗവമ്മെണ്ടു് ഈ ആളെ കൺട്രാക്റ്റുകൾ എടുക്കുന്നതിൽനിന്നും ഒഴിവാക്കീട്ടുള്ളതാണെന്നു തോന്നുന്നു. എതായാലും ഇയ്യാൾ ഏറ്റിട്ടുള്ള വക്കുകൾ പലപ്പോഴും പഞ്ചായത്തുകൾക്കുപദ്രവകരമായി എനിക്കനുഭവപ്പെട്ടിട്ടുണ്ടു്. ഈ സംഗതിയിൽ ഗവമ്മെണ്ടു് വേണ്ട അന്വേഷണം നടത്തണമെന്നുള്ള ഉദ്ദേശത്തെ ഗ്രഹിക്കാണിക്കുന്നതിനാണു് ഞാൻ ഈ അവസരത്തെ വിനിയോഗിക്കുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റിയൊക്കെ അന്വേഷിക്കാം.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഈ കൺട്രാക്ടരെപ്പറ്റി ഇതിനു മുമ്പു വല്ല ആക്ഷേപവും ഉണ്ടായിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉണ്ടായിട്ടുണ്ടോ എന്നന്വേഷിക്കാം.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: വേനൽക്കാലമായാൽ മിക്ക സ്ഥലങ്ങളിലേയും കിണറുകളിൽ വെള്ളം ഉണ്ടാകുന്നില്ല എന്നുള്ള ആക്ഷേപം ഉണ്ടാകുന്നുണ്ടു്. അതിനെപ്പറ്റി ഒരന്വേഷണം നടത്താമോ?

ഡോക്ടർ എ. ആർ. മേനോൻ: ഇങ്ങിനെയുള്ള കിണറുകളെ സംബന്ധിച്ചു് എന്താണു വേണ്ടതു് എന്നു ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: കിണറിന്റെ ഉപയോഗം തക്കസമയത്തു് കിട്ടുന്നില്ലെന്ന ആക്ഷേപം പൊതുവെ എല്ലാ സ്ഥലങ്ങളിലുമുണ്ടു്. അതിനു എന്തെങ്കിലും വേണ്ടതു ഗവമ്മെണ്ടു് ചെയ്യാൽ കൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ: മുമ്പെ കഴിച്ചിട്ടുള്ള കിണറുകൾക്കാണു് ഈ ഉപദ്രവം ഉള്ളതു്. മേലിൽ ഈ വക ബുദ്ധിമുട്ടുകൾ വരാതിരിക്കാനായി വെള്ളം ശരിക്കു കിട്ടുമൊ എന്നു നോക്കിയതിനു ശേഷമെ കിണർ കുഴിക്കുവാൻ പാടുള്ളു എന്നു ആർഡർ കൊടുത്തിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ പാറകൾ പൊട്ടിച്ചു വെള്ളം എടുക്കുവാൻ നോക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ പാറ പൊട്ടിച്ചാലും വെള്ളം കിട്ടുന്നില്ല. ഈ വക ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടതു ഗവമ്മെണ്ടു പ്രവൃത്തിച്ചുവരുന്നുണ്ടു്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഈ കിണർ ചെക്കുമെഷർ ചെയ്ത ഓവർസിയർ അതു ശരിക്കു ചെയ്തിട്ടില്ലെന്ന ആക്ഷേപം ഗവമ്മെണ്ടിന്റെ ടെഷ്ടിയിൽ പെട്ടിട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്. വളരെ കംപ്ലെയിൻറ്സു് അതേഹത്തെപ്പറ്റി കിട്ടീട്ടുണ്ടു്. അതിനെപ്പറ്റി അന്വേഷിക്കാനായിട്ടു കൊടുത്തിട്ടുണ്ടു്. അതു അന്വേഷിച്ചിട്ടു വേണ്ടതു ചെയ്യാനെ തരമുള്ളു.

VILLAGE LIBRARIES—DISTRIBUTION OF ALLOTMENT

336. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെൻറു് ഭയവായി മറുപടി പറയുമോ.—

(എ) 1115 ഡിസമ്പർ 10-ാം നമ്പർ ജി. പി. ഡി. ഡിസ്സു്. 1115/10-ാം നമ്പർ ഓർഡർ പ്രകാരം 1116-ൽ

LIBRARY ARCHIVES Kerala Legislative Assembly